"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23/07/2025-ലെ OA(EKM) No.499/2025 - നമ്പർ കേസിന്മേൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് സർക്കാർ ഹോമിയോ ആശുപത്രിയിലെ മുൻ ക്ലാർക്ക് ശ്രീ. ബൽറാം കെ.ബി.-യെ സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത നടപടി പുനഃപരിശോധിച്ച് ടിയാനെ തിരിച്ചെടുത്ത് (Reinstated) ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.8/2026/AYUSH തീയതി, തിരുവനന്തപുരം, 22-02-2026

---

പരാമർശം:- (1) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 01/09/2023, 08/11/2024, 29/04/2025, 02/07/2025, 24/11/2025 എന്നീ തീയതികളിലെ DHTVM/543/2023-EA2 - നമ്പർ കത്തുകൾ.

(2) സർക്കാരിന്റെ 06/11/2023-ലെ ആയുഷ്-സി2/205/2023-ആയുഷ് നമ്പർ കത്ത്.

(3) ഹോമിയോപ്പതി വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 22/03/2025-ലെ DHTVM/543/2023-EA2 - നമ്പർ നടപടിക്രമം.

(4) ശ്രീ.ബൽറാം കെ.ബി. സമർപ്പിച്ച 01/04/2025 (Annexure-A9), 28/04/2025, 05/08/2025 എന്നീ തീയതികളിലെ അപേക്ഷകൾ.

(5) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23/07/2025-ലെ OA(EKM)-499/2025-നമ്പർ കേസിന്മേലുള്ള അന്തിമ ഉത്തരവ്.

(6) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 31/01/2026-ലെ DHTVM/543/2023-EA2 - നമ്പർ കത്ത്.

## ഉത്തരവ്

18/05/2010-ന് സർവീസിൽ പ്രവേശിച്ച കാഞ്ഞങ്ങാട് സർക്കാർ ഹോമിയോ ആശുപത്രിയിലെ ക്ലാർക്കായിരുന്ന ശ്രീ. ബൽറാം കെ.ബി., സർവ്വീസിൽ പ്രവേശിച്ച് 13 വർഷം പിന്നിട്ടിട്ടും പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് ആവശ്യമായ എം.ഒ.പി പരീക്ഷ വിജയിക്കാത്തതിനാൽ പരാമർശം (3) പ്രകാരം സർവ്വീസിൽ നിന്നും ഡിസ്ചാർജ് ചെയ്യപ്പെടുകയുണ്ടായി. ടി നടപടിക്കെതിരെ ഉദ്യോഗസ്ഥൻ സമർപ്പിച്ച അപ്പീൽ പരിഗണിച്ച്, ടിയാനെ നേരിൽ കേട്ട് ഉചിതമായ തീരുമാനമെടുക്കാൻ പരാമർശം (5) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചു.

(2) ബഹു. ട്രൈബ്യൂണൽ വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അപേക്ഷകനെ ആയുഷ് വകുപ്പിന്റെ അണ്ടർ സെക്രട്ടറി നേരിൽ നേരിൽ കേൾക്കുകയും ടിയാന്റെ വാദങ്ങൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വിശദമായി പരിശോധിക്കുകയും ചെയ്തു. പ്രസ്തുത ഹിയറിംഗിന്റെയും ലഭ്യമായ രേഖകളുടെയും, ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ താഴെ പറയുന്ന വസ്തുതകൾ നിരീക്ഷിക്കുന്നു:

(3) ഹോമിയോപ്പതി വകുപ്പിൽ തന്നെ സമാനമായ സാഹചര്യത്തിൽ ഉദ്യോഗസ്ഥർ നിലവിൽ സേവനത്തിൽ തുടരുന്നുണ്ടെന്ന് ശ്രീ ബൽറാമിന്റെ നിയമനം സംബന്ധിച്ച പുനഃപരിശോധനയിൽ വകുപ്പ് മേധാവി തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ പലരും 13 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ളവരാണ്. ഇത്തരമൊരു സാഹചര്യത്തിൽ ശ്രീ. ബൽറാമിനെതിരെ മാത്രം ഡിസ്ചാർജ് നടപടി സ്വീകരിച്ചത് ഭരണഘടന ഉറപ്പുനൽകുന്ന തുല്യനീതിയുടെയും (Article 14), സ്വാഭാവിക നീതിയുടെയും ലംഘനമാണ്.

(4) KS&SSR ഭാഗം-2 ചട്ടം 19(a)(ii) പ്രകാരം പരീക്ഷ വിജയിക്കാത്ത പ്രൊബേഷണറെ ഡിസ്ചാർജ് ചെയ്യാമെങ്കിലും, പ്രസ്തുത ചട്ടത്തിലെ 13B പ്രകാരം 50 വയസ്സ് തികഞ്ഞ ജീവനക്കാർക്ക് വകുപ്പുതല പരീക്ഷകളിൽ നിന്നും സ്ഥിരമായ ഇളവ് നൽകുന്നുണ്ട്. ശ്രീ. ബൽറാമിനെപ്പോലെ ദീർഘകാലം സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് 50 വയസ്സ് തികയുന്നതോടെ പരീക്ഷാ ഇളവിന് അർഹത

ലഭിക്കാനിരിക്കെ, തൊട്ടുമുൻപുള്ള കാലയളവിൽ അവരെ ഡിസ്ചാർജ് ചെയ്യുന്നത് **13B** ചട്ടങ്ങളുടെ അന്തസ്സത്തയ്ക്ക് വിരുദ്ധമാണ്.

**(5)** ഹിയറിംഗിലെ ശിപാർശകളിന്മേൽ ഹോമിയോപ്പതി വകുപ്പ് മേധാവി സമർപ്പിച്ച പരാമർശം-**(6)** പ്രകാരമുള്ള റിപ്പോർട്ടനുസരിച്ച്, വകുപ്പിൽ നിലവിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലെന്നും, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി സർക്കാർ ഹോമിയോ ആശുപത്രിയിലെയും, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി സർക്കാർ ഹോമിയോ ആശുപത്രിയിലെയും ക്ലാർക്കുമാർക്ക്, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരം, മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമന ഉത്തരവ് നൽകാനുണ്ടെന്നും, അവർ വിടുതൽ ചെയ്യപ്പെടുന്ന മുറയ്ക്ക് മേൽ സ്ഥാപനങ്ങളിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവ് ഉണ്ടാകുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(6) KS&SSR** ഭാഗം-**2** ചട്ടം **19(a)(ii)** പ്രകാരം അപേക്ഷകനെ സർവീസിൽ നിന്നും **discharge** ചെയ്ത നടപടി ചട്ടപ്രകാരമായിരുന്നുവെങ്കിലും **KS&SSR** ഭാഗം-**2** ചട്ടം **13B**-യുടെ വ്യാഖ്യാനത്തിൽ നിലനിൽക്കുന്ന ആശയക്കുഴപ്പം കണക്കിലെടുത്തും, വിഷയത്തിൽ സമവായപരവും മാനവികവുമായ സമീപനം സ്വീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു. മേൽ പരാമർശിച്ച വസ്തുതകളുടെയും, ഒരേ തസ്തികയിലുള്ള ജീവനക്കാർക്കിടയിൽ വിവേചനം പാടില്ല എന്ന തത്വത്തിന്റെയും അടിസ്ഥാനത്തിൽ, ശ്രീ. ബൽറാം കെ.ബി.-യെ സർവ്വീസിൽ നിന്നും ഡിസ്ചാർജ് ചെയ്ത പരാമർശം **(3)**-ലെ നടപടി സർക്കാർ റദ്ദാക്കുന്നു. ഹോമിയോപ്പതി വകുപ്പിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ബൈ-ട്രാൻസ്ഫർ ഒഴിവുകളിൽ (കരുനാഗപ്പള്ളി/കൊയിലാണ്ടി) ആദ്യമുണ്ടാകുന്ന ഒഴിവിൽ ടിയാനെ തിരിച്ചെടുത്ത് **(Reinstated)** താഴെ പരാമർശിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു.

**a)** ശ്രീ ബൽറാമിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ചും, ചട്ടം **13B**-യുടെ ആനുകൂല്യം പ്രൊബേഷണർമാർക്ക് നൽകുന്നത് സംബന്ധിച്ചും ബന്ധപ്പെട്ട അഡ്വൈസറി വകുപ്പിൽ നിന്നും ലഭ്യമാകുന്ന സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പിന്നീട് അന്തിമ

തീരുമാനമെടുക്കുന്നതാണ്.

(7) മേൽ വിവരിച്ചതിൻ പ്രകാരം, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ **23/07/2025-ന് OA (EKM) No.499/2025** നമ്പർ കേസിൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവ് നടപ്പിലാക്കി സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് മുഖേന)
2. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
3. ശ്രീ. ബൽറാം കെ.ബി., കുടിലിൽ പറമ്പിൽ (ഹൗസ്), പരപ്പ പി.ഒ., കാസർഗോഡ് - **671533. (*Registered Post*)**
4. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോഴിക്കോട്/കൊല്ലം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. **(AYU-C2/205/2023-AYUSH)**

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 23-02-2026 10:10:07

സെക്ഷൻ ഓഫീസർ.